SUNDAY 22-05-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor : Sunilkumar R Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/05/2022.

1. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പനകേന്ദ്രത്തിൽ നല്ലയിനം തെങ്ങിൻതൈകൾ, ജൈവവളം, ടിഷ്യുകൾച്ചർ വാഴവിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, കമുകിൻ തൈകൾ, ജൈവകീടനാശിനികൾ എന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ഇടുക്കി ജില്ലയിലെ ഉപ്പുകുന്ന് മൃഗാശുപത്രിയുടെ പ്രവർത്തനോദ്ഘാടനം നാളെ (മേയ് 23) രാവിലെ 11 മണിക്ക് തൊടുപുഴ എം.എൽ.എ പി.ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് **മൃഗസംരക്ഷണ മേഖലയിൽ വിവിധ സംരംഭങ്ങൾ** എന്ന വിഷയത്തിൽ സെമിനാറും ഉണ്ടായിരിക്കും.

3. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) യിലേക്ക് ന https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷിക്കാവുന്നതാണ്. ബെനഫിഷറി രജിസ്ട്രേഷൻ (Beneficiary registration) എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്തതിനു ശേഷം ഒറ്റിപി (OTP) നൽകി രജിസ്റ്റർ ചെയ്യുക. തുടർന്ന് ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ ചേർക്കുക. അപേക്ഷകൾ പരിശോധനയ്ക്ക് ശേഷം വിലയിരുത്തുന്നതിനായി ബാങ്ക് ശാഖയിലേക്ക് മാറ്റും. ബാങ്ക് പ്രതിനിധികൾ പരിശോധിച്ചതിനുശേഷം ക്രെഡിറ്റ് ഗ്യാരണ്ടിയോടു കൂടി സി ജി റ്റി എം എസ് ഇ (Credit Guarantee Fund Trust for Micro and Small Enterprises (*CGTMSE*)) -ൽ രജിസ്റ്റർ ചെയ്ത് ഷെഡ്യൂൾ പ്രകാരം ബാങ്കുകൾ വായ്പകൾ വിതരണം ചെയ്യുന്നതാണ്. ഓരോ ഘട്ടത്തിലും വായ്പ വിവരങ്ങൾ സന്ദേശമായി രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിൽ അപേക്ഷകന് ലഭിക്കുന്നു. കർഷകർ, കർഷക സംഘങ്ങൾ (FPO's, FPO കൂട്ടായ്മകൾ, JLG, SHG, SHG കൂട്ടായ്മകൾ), കാർഷിക സംരംഭങ്ങൾ, മറ്റു

സഹകരണ സ്ഥാപനങ്ങൾ (മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നാഷണൽ ഫെഡറേഷൻസ് ഓഫ് കോഓപ്പറേറ്റീവ്സ്, പ്രാഥമിക കാർഷിക സഹകരണ സംഘം), കേന്ദ്ര /സംസ്ഥാന/പ്രാദേശിക ഗവൺമെന്റുകൾ പ്രോത്സാഹിപ്പിക്കുന്ന പിപിപി പദ്ധതികളുടെ ഏജൻസികൾ, കയറ്റുമതി സംഘങ്ങൾ തുടങ്ങിയവർക്ക് ഈ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ വ്യാപകമായ മഴക്കെടുതിമൂലം കൃഷിയിടങ്ങളിൽ അടിയന്തിരമായി കൈക്കൊള്ളേണ്ട പരിപാലന മുറകൾ, കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനും, സംശയ നിവാരണങ്ങൾക്കുമായി കർഷകർക്കായി ഓൺലൈൻ ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നു. കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ താഴെ പറയുന്ന അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്നതാണ്.

| | |
|---|---|
| ഡോ. ചിഞ്ചു.വി.എസ്, അസിസ്റ്റൻറ് പ്രൊഫസർ ( അഗ്രി. എക്സ്റ്റൻഷൻ) | 9995224269 |
| അശ്വതി.കെ.കെ, അസിസ്റ്റൻറ് പ്രൊഫസർ ( പാൻറ് പാത്തോളജി) | 9995306435 |
| അശ്വതി കൃഷ്ണ ആർ, അസിസ്റ്റൻറ് പ്രൊഫസർ ( അഗ്രി. എൻറമോളജി) | 8289832152 |
| ജാലിയ എം.കെ, അസിസ്റ്റൻറ് പ്രൊഫസർ (അഗ്രി. എക്സ്റ്റൻഷൻ) | 8086523003 |

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും, കടക്നാഥ് 35 രൂപ നിരക്കിലും, തലശ്ശേരി, നേക്കഡ് നെക്ക് എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. ജൂൺ ഒന്ന് ക്ഷീരദിനത്തോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ന് ( മേയ് 27) ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി ഡയറി ക്വിസ്, ചിത്ര രചന (പെൻസിൽ ഡ്രോയിംഗ്) മത്സരം എന്നിവ നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ ഈ മാസം 25 നു (മേയ് 25) വൈകിട്ട് 5 മണിക്ക് മുമ്പായി **0476-2698550, 9847437232** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് ജൂൺ ഒന്നിന് വിതരണം നടത്തുന്നതാണെന്നും ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

7. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി തിരുവനന്തപുരം ചെറ്റച്ചൽ ജഴ്സി ഫാം സന്ദർശിച്ചു. ഫാമിന്റെ ദൈനംദിന പ്രവൃത്തിനങ്ങളുമായി ആയി ബന്ധപ്പെട്ട വിഷയങ്ങൾ ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥരുമായി മന്ത്രി ചർച്ച നടത്തി. 1956-ൽ പ്രവർത്തനമാരംഭിച്ച ഫാമിന് 123 ഏക്കർ സ്ഥലം സ്വന്തമായി ഉണ്ടായിരുന്നുവെങ്കിലും നിലവിൽ 58 ഏക്കറിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ 250 പശുക്കളും 150 ആടുകളും ഫാമിൽ ഉണ്ട്. കൂടാതെ 1500 ലിറ്റർ പാൽ ദിനംപ്രതി സംഭരിച്ച് വിതരണം ചെയ്യുന്ന ഗ്രീൻ മിൽക്ക് പദ്ധതിയും, മണ്ണിര കമ്പോസ്റ്റ് യൂണിറ്റും, അത്യുൽപാദനശേഷിയുള്ള ഒരുദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യുന്ന അത്യാധുനിക ഹാച്ചറിയും, 38 ഏക്കർ സ്ഥലത്ത് അത്യുല്പാദനശേഷിയുള്ള നേപ്പിയർ ഇനത്തിലുള്ള തീറ്റപ്പുൽ കൃഷിയും ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ജലസേചന സൗകര്യം നവീകരിക്കുവാനും, പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുവാനുമുള്ള സത്വരനടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദേശം നൽകി. ഫാമിലെ തൊഴിലാളികളുമായി മന്ത്രി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടിക്കാഴ്ച നടത്തി. ജീവനക്കാരെ പ്രശ്നങ്ങൾ അനുഭാവപൂർവം പരിഗണിക്കാമെന്ന് മന്ത്രി ഉറപ്പു നൽകി.

**പരിശീലന പരിപാടികൾ**

8. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് നാളെ (മേയ് 23) രാവിലെ 10 മണി മുതൽ **മഴക്കാലത്ത് അനുവർത്തിക്കേണ്ട മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466-2912008** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25-ന് (25/05/22) രാവിലെ 10 മണി മുതൽ **കാടവളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം